പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2519 19.06.2013 ന് മറുപടിയ്ക്ക്

കേരളത്തിലെ ഐ.ടി.ഐ.കളുടെ അടിസ്ഥാന സൗകര്യങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.കെ.ഗുരുദാസൻ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിൽ എത്ര സർക്കാർ ഐ.ടി.ഐ.കൾ നിലവിലുണ്ട്; ഇതിൽ ഏതൊക്കെ ഐ.ടി.ഐ.കളിലെ കോഴ്സുകൾക്കാണ് എൻ.സി.വി.റ്റി അംഗീകാരം ലഭിച്ചിട്ടുള്ളത്; | (എ) സംസ്ഥാനത്ത്, വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിൽ 76 സർക്കാർ ഐ.ടി.ഐ. കൾ നിലവിലുണ്ട്. ഇവയിൽ 41 ഐ.ടി.ഐ. കളിലെ കോഴ്സുകൾക്ക് (ട്രേഡുകൾ) എൻ.സി.വി.റ്റി. അംഗീകാരം ലഭിച്ചിട്ടുണ്ട്. പട്ടിക അനുബന്ധം -1 ആയി ചേർത്തിട്ടുണ്ട്. |
| (ബി). ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഐ.ടി.ഐകൾ അനുവദിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്; അതിൽ എൻ.സി.വി.റ്റി അഫിലിയേഷൻ ലഭിച്ചവ ഏതൊക്കെയാണ്; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 5 ഐ.ടി.ഐ. കൾ അനുവദിച്ചു. അതിൽ 4 എണ്ണം പ്രവർത്തനം ആരംഭിച്ചു. ഒന്നിനും എൻ.സി.വി.റ്റി അഫിലിയേഷൻ ലഭിച്ചിട്ടില്ല. |
| (സി) എൻ.സി.വി.റ്റി അഫിലിയേഷൻ ലഭിക്കാത്ത ഐടിഐകൾ ഏതൊക്കെയാണെന്നും അവയോരോന്നിനും അഫിലിയേഷൻ ലഭ്യമാകാത്തതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കുമോ; | (സി) എൻ.സി.വി.റ്റി അഫിലിയേഷൻ ലഭിക്കാത്ത ട്രേഡുകൾ ഉള്ള 63 ഐ.ടി.ഐ. കളുടെ ലിസ്റ്റ് അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്. യന്ത്ര സാമഗ്രികൾ ഉൾപ്പെടെയുള്ള ഭൗതിക സാഹചര്യങ്ങളുടെ അഭാവം കാരണമാണ് ടി ഐ.ടി.ഐ. കളിലെ ട്രേഡുകൾക്ക് അഫിലിയേഷൻ ലഭിക്കാത്തത്. |
| (ഡി) എൻ.സി.വി.റ്റി. അഫിലിയേഷൻ ലഭിക്കാത്ത ട്രേഡുകളിലും സ്ഥാപനങ്ങളിലും ട്രെയിനിംഗ് പൂർത്തിയാക്കുന്നവർക്ക് ഏത് സർട്ടിഫിക്കറ്റാണ് നൽകുക; ഇങ്ങനെ ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ അപ്രന്റീസ് പരിശിലനത്തിനും ഇതര സർക്കാർ അംഗീകൃത ജോലിയാവശ്യത്തിനും എൻ.സി.വി.റ്റി സർട്ടിഫിക്കറ്റിന് ലഭിക്കുന്ന അതേ മൂല്യം ലഭിക്കുമോ; | (ഡി) എൻ.സി.വി.റ്റി അഫിലിയേഷൻ ലഭിക്കാത്ത ട്രേഡുകളിലും സ്ഥാപനങ്ങളിലും ട്രെയിനിംഗ് പൂർത്തിയാക്കുന്നവർക്ക് എസ്.സി.വി.ടി (സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ്) യുടെ സ്റ്റേറ്റ് ട്രേഡ് സർട്ടിഫിക്കറ്റ് (എസ്.ടി.സി) ആണ് നൽകുന്നത്. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരമുള്ള നിയമനങ്ങൾക്ക് നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് (എൻ. റ്റി. സി) യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള തസ്തികകൾക്കെല്ലാം ബന്ധപ്പെട്ട എസ്.സി.വി.ടി സർട്ടിഫിക്കറ്റുകൾ തത്തുല്യമായി പരിഗണിച്ചിട്ടുണ്ട്. എന്നാൽ അപ്രന്റീസ് പരിശീലനത്തിന്, സ്റ്റേറ്റ് ട്രേഡ് |

സർട്ടിഫിക്കറ്റിന് നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റിനു ലഭിക്കുന്ന അതേ മൂല്യം ലഭിക്കില്ല.

(ഇ) അഫിലിയേഷൻ ലഭിക്കാത്ത ഐ.ടി.ഐ.കൾക്കു ആയത് ലഭ്യമാക്കുന്നതിനായി എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ഇ) അഫിലിയേഷൻ ലഭിക്കാത്ത ട്രേഡുകൾ ഉള്ള ഐ.ടി.ഐ. കൾക്ക് ആയത് നേടിയെടുക്കുന്നതിനായി ഭൗതിക സാഹചര്യങ്ങളും യന്ത്രസാമഗ്രികളും ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു. ഡി.ജി.ഇ.ടി.യുടെ ഏറ്റവും പുതിയ മാർഗനിർദ്ദേശങ്ങൾ പ്രകാരം ഐ.ടി.ഐ. കളിലെ ട്രേഡുകൾക്കും .യൂണിറ്റുകൾക്കും എൻ.സി.വി.റ്റി. അഫിലിയേഷൻ നേടിയെടുക്കുന്നതിന് ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ (ക്യൂ.സി.ഐ) അക്രഡിറ്റേഷൻ നിർബ്ബന്ധമാണ്. ടി മാർഗ്ഗ നിർദ്ദേശത്തിൽ എല്ലാ ഐ.ടി.ഐ. കളിലും മൾട്ടിമീഡിയ കമ്പ്യൂട്ടറുകളോടുകൂടി ഇന്റർനെറ്റ് സൗകര്യമുള്ള കമ്പ്യൂട്ടർ ലാബ് സജ്ജമാക്കുന്നത് ഉൾപ്പെടെ നിരവധി പുതിയ കാര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നിർദ്ദേശങ്ങൾ ലഭ്യമായിട്ടുണ്ട്. എസ്.സി.വി.ടി.യിൽ പരിശീലനം നൽകി വരുന്ന എല്ലാ ഐ.ടി.ഐ. കളിലെയും ട്രേഡുകൾക്കും യൂണിറ്റുകൾക്കും ക്യൂ.സി.ഐ. യുടെ അക്രഡിറ്റേഷനും തുടർന്ന് എൻ.സി.വി.ടി. അഫിലിയേഷനും നേടിയെടുക്കുന്നതിനായി ക്യൂ.സി.ഐ./ഡി.ജി.ഇ.റ്റി മാനദണ്ഡങ്ങൾ പ്രകാരമുള്ള മുഴുവൻ ഭൗതിക സജ്ജീകരണങ്ങളും ക്രമീകരിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിച്ചുവരുന്നു.

(എഫ്) അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാമെന്ന കരാറിൽ ഐ.ടി.ഐ.കൾ അനുവദിച്ചതിനുശേഷം കരാർ നടപടിയിൽ നിന്നും പിറകോട്ട് പോയ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പേരിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

(എഫ്) അങ്ങനെയുള്ള ഐ.ടി.ഐ. കൾ സ്ഥിതി ചെയ്യുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ, ടി നിയോജകമണ്ഡലത്തിലെ എം.എൽ.എ.മാർ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ എന്നിവരുടെ യോഗം 12.7.12, 17.7.12 എന്നീ തിയതികളിൽ ബഹു. വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിളിച്ചു ചേർക്കുകയും വാഗ്ദാനം ചെയ്ത അടിസ്ഥാന സൗകര്യങ്ങൾ അടിയന്തിരമായി ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. സ്ഥലം ലഭ്യമാക്കിയ ഐ.ടി.ഐ. പാറശ്ശാല, ഐ.ടി.ഐ. പള്ളിപ്പാട്, ഐ.ടി.ഐ. തേവലക്കര എന്നീ സ്ഥാപനങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി 2 കോടി രൂപ വീതവും വാണിയംകുളം ഐ.ടി.ഐ. യ്ക്ക് 1.98 കോടി രൂപയും നൽകിയിട്ടുണ്ട്.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ